**പന്ത്രണ്ടാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2009–2011)

**പതിനാലാമത് റിപ്പോർട്ട്**

(2010 മാർച്ച് 25-ാം തീയതി സമർപ്പിച്ചത്)

**പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2010

പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2009–2011)

## പതിനാലാമത് റിപ്പോർട്ട്

(2010 മാർച്ച് 25-ാം തീയതി സമർപ്പിച്ചത്)

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ്
ലെജിസ്ലേഷൻ സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ
സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

488/2010.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | |
| അദ്ധ്യായം I | .. | 1 |
| അദ്ധ്യായം II— സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ സമർപ്പിച്ച മറുപടികളിൽ സമിതിയുടെ അംഗീകാരം ലഭിച്ച മറുപടികൾ | .. | 2 |
| അദ്ധ്യായം III—സമിതിയുടെ ശുപാർശകളിന്മേൽ ലഭിച്ച സർക്കാർ സമർപ്പിച്ച മറുപടികളിൽ സമിതി അംഗീകരിക്കാത്ത മറുപടികളും തുടർന്ന് ആവശ്യപ്പെട്ട അധിക വിവരങ്ങളും അതിനുള്ള മറുപടികളും | .. | 9 |
| അനുബന്ധം— എസ്. ആർ. ഒ. നമ്പർ 574/2009 | .. | 15 |
| എസ്. ആർ. ഒ. നമ്പർ 111/2009 | .. | 17 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009–2011)

## ഘടന

ചെയർമാൻ :

ശ്രീ. മാത്യു ടി. തോമസ്

അംഗങ്ങൾ :

ശ്രീ. പി. കൃഷ്ണപ്രസാദ്

,, മുരളി പെരുനെല്ലി

,, വി. ചെന്താമരാക്ഷൻ

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

,, കെ. ശിവദാസൻ നായർ

,, പി. തിലോത്തമൻ

,, തോമസ് ഉണ്ണിയാടൻ

,, എം. ഉമ്മർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീമതി ടി. ഉഷാദേവി, സ്പെഷ്യൽ സെക്രട്ടറി
,, ജെ. സരളാദേവി, ഡെപ്യൂട്ടി സെക്രട്ടറി
,, പി. ജയലക്ഷ്മി, അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2009–2011) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004–2006)-യുടെ എട്ടാമത് റിപ്പോർട്ട് 2005 ജൂലൈ 29-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. റിപ്പോർട്ടിലെ ശുപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാരിന്റെ മറുപടി സമിതി വിവിധ യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2010 മാർച്ച് 22-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മാത്യു ടി. തോമസ്,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,

*2010 മാർച്ച് 25.*

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004–2006)-യുടെ എട്ടാമത് റിപ്പോർട്ട് 2005 ജൂലൈ 29-ാം തീയതിയാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി, 2002-ലെ കേരള കയറ്റിറക്ക് (വേതനം ക്രമീകരിക്കലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകളെ സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും നിരീക്ഷണങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ ആകെ പതിനെട്ട് ശുപാർശകൾ ഉണ്ടായിരുന്നു. ഈ പതിനെട്ട് ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദമായ മറുപടി സമിതിയ്ക്ക് ലഭിക്കുകയുണ്ടായി.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അതിൽ പതിമൂന്നെണ്ണം അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശുപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികളും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതിയുടെ ശുപാർശകളിൻമേൽ ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിക്കാത്ത മറുപടികളും, തുടർന്ന് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും അതിനുള്ള മറുപടികളും ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചട്ടത്തിലും പദ്ധതിയിലും ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച എസ്. ആർ. ഒ. കൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

KNPP. 488/2010.

## അദ്ധ്യായം II

## സമിതി (2004-06)-യുടെ 8-ാമത് റിപ്പോർട്ട്

### ശുപാർശകളിൻമേൽ ലഭിച്ച സർക്കാർ മറുപടികളിൻമേൽ സമിതി അംഗീകരിച്ച മറുപടികൾ

12-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

3-ാം ഖണ്ഡികയുടെ 2-ാം ഉപഖണ്ഡികയിൽ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ, നിർവ്വചിച്ചിട്ടില്ലാത്തതും, പക്ഷെ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ നൽകിയിട്ടുള്ള അർത്ഥങ്ങൾ തന്നെ ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പക്ഷെ, `സ്കാറ്റേർഡ് വിഭാഗം' എന്ന പ്രയോഗം ആക്ടിലും നിർവ്വചിക്കപ്പെട്ടതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ പദ്ധതിയിലെ 'നിർവ്വചനങ്ങൾ' എന്ന ഖണ്ഡികയിൽ ഉൾപ്പെടുത്തി "സ്കാറ്റേർഡ് വിഭാഗം" എന്ന പ്രയോഗത്തിന് അനുയോജ്യമായ നിർവ്വചനം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

ഈ ശുപാർശ പ്രകാരം `സ്കാറ്റേർഡ് വിഭാഗം' എന്ന പ്രയോഗത്തിന് നിർവ്വചനം നൽകി പദ്ധതി ഭേദഗതി ചെയ്യുവാനുള്ള ശുപാർശ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. കേരള ചുമട്ടു തൊഴിലാളി നിയമത്തിലും പദ്ധതിയിലും സമിതി നിർദ്ദേശിച്ചിട്ടുള്ള മറ്റ് ശുപാർശകളും ഇവയിൽ ഭേദഗതിക്കുള്ളതാണ്. ഇവ ബോർഡ്/ലേബർ കമ്മീഷണർ എന്നിവരുമായി കൂടിയാലോചിച്ച് പരിശോധിച്ച് സമഗ്ര ഭേദഗതി പദ്ധതിയിലും നിയമത്തിലും വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

14-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

എന്നാൽ സമിതി നടത്തിയ തെളിവെടുപ്പുവേളയിൽ ഉയർന്നുവന്ന പ്രധാന പരാതി പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിലെ തടസ്സങ്ങളെ സംബന്ധിച്ചാണ്. തൊഴിലാളികൾക്ക് 'ചട്ടം 26 എ' പ്രകാരമുള്ള തിരിച്ചറിയൽ കാർഡ് യഥാസമയം ലഭിക്കാതിരിക്കുന്നതുമൂലം പദ്ധതിയിൽ അംഗമായി ചേർന്ന് ആനുകൂല്യങ്ങൾക്ക് അർഹരാകാൻ കാലതാമസം വരുന്നതായും വസ്തുതകൾ മറച്ചുവച്ച് അനർഹരായ പലരും വ്യാജമായി പദ്ധതിയിൽ അംഗത്വം നേടി ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതുമായ പരാതികളും സമിതി യോഗങ്ങളിൽ ഉന്നയിക്കപ്പെടുകയുണ്ടായി. ആയതിനാൽ, അംഗത്വത്തിനുള്ള അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം പരമാവധി ഒഴിവാക്കണമെന്നും, അർഹരായവർക്കെല്ലാം ഉടനടി ക്ഷേമനിധിയിൽ അംഗത്വം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും, വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ

അനർഹരായ ആൾക്കാർ പദ്ധതിയിൽ അംഗങ്ങളായി കടന്നുകൂടുന്നത് തടയുവാൻ ആവശ്യമായ മുൻകരുതലുകൾ കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26എ പ്രകാരം കയറ്റിറക്ക് തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡ് നൽകുന്ന ജോലി അസിസ്റ്റന്റ് ലേബർ ഓഫീസർമാർ കൃത്യമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നുണ്ടെന്ന് ലേബർ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകുന്ന നടപടി കൂടുതൽ സുതാര്യമാക്കുന്നതിലേക്ക് പദ്ധതി പ്രദേശത്തെ ചുമട്ടു തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുവേണ്ടി അസിസ്റ്റന്റ് ലേബർ ഓഫീസർ നടത്തുന്ന അന്വേഷണങ്ങളിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ലോക്കൽ കമ്മിറ്റിയുടെ അഭിപ്രായംകൂടി ആരായണമെന്ന് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സർക്കാരിനോട് ശുപാർശ ചെയ്തത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് ചട്ടം 26എ ഭേദഗതി ചെയ്യുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

16-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം ഒരു സമയപരിധി നിശ്ചയിച്ചിരിക്കുന്നതിനെതിരേയും ഏറെപ്പേർ സമിതി മുമ്പാകെ പരാതിപ്പെടുകയുണ്ടായി. ഇത്തരത്തിലൊരു സമയപരിധി നിശ്ചയിക്കുന്നത് തൊഴിലാളികളെ സംബന്ധിച്ച് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. ഈ സാഹചര്യത്തിൽ നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിരിക്കുന്ന 8-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡിക നീക്കം ചെയ്യേണ്ടതാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു തൊഴിലാളിക്ക് അതിന് സമയപരിധി ഇല്ലാത്ത വിധത്തിൽ അവസരമൊരുക്കുന്നതിനായി പദ്ധതിയിലെ ഖണ്ഡിക 8 (2) ഭേദഗതി ചെയ്യേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ സമയപരിധിയില്ലാതെ അംഗമായി ചേരുന്നതിന് പദ്ധതിയുടെ ഖണ്ഡിക 8(2) ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം വിഷയ നിർണ്ണയ സമിതിയുടെ അംഗീകാരത്തിനായി 8-8-2005-ന് അയച്ചിട്ടുണ്ട്. വിഷയ നിർണ്ണയ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനാകും.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

18-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ആക്ടിലെ 2(കെ) വകുപ്പിൽ 'കുടുംബം' എന്നതിന്റെ നിർവ്വചനത്തിൽ ഭർത്താവ്, ഭാര്യ, ആശ്രയിച്ചുകഴിയുന്ന മാതാപിതാക്കൾ, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതകളോ വിധവകളോ ആയ പെൺമക്കൾ എന്നിവരെ മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ, ഒരു ചുമട്ടുതൊഴിലാളിയുടെ 'കുടുംബം' എന്ന നിർവ്വചനത്തിൽ മുകളിൽ സൂചിപ്പിച്ച ആൾക്കാർക്കുപുറമെ, അയാളെ പൂർണ്ണമായും ആശ്രയിച്ചുകഴിയാൻ വിധിക്കപ്പെട്ട, അംഗവൈകല്യം സംഭവിച്ചതോ ബുദ്ധിമാന്ദ്യം സംഭവിച്ചതോ ആയ മക്കളെ പ്രായപരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട്, ഉൾപ്പെടുത്തി അവരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കേണ്ടതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്ടിലെ (1980-ലെ 20) രണ്ടാം വകുപ്പ് (കെ) ഇനത്തിലുള്ള 'കുടുംബം' എന്ന നിർവ്വചനത്തിൽ "അംഗവൈകല്യം സംഭവിച്ചതോ ബുദ്ധിമാന്ദ്യം സംഭവിച്ചതോ ആയ മക്കൾ" എന്നുകൂടി ചേർത്ത് ഭേദഗതി ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

ശുപാർശ പ്രകാരം 1978-ലെ, കേരള ചുമട്ടുതൊഴിലാളി ആക്ടിലെ `കുടുംബം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ `അംഗവൈകല്യം സംഭവിച്ചതോ ബുദ്ധിമാന്ദ്യം സംഭവിച്ചതോ ആയ മക്കൾ' എന്നുകൂടി ചേർത്ത് ആക്ട് ഭേദഗതി ചെയ്യുവാൻ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ഭേദഗതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതുൾപ്പെടെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലും പദ്ധതിയിലും സമിതി നിർദ്ദേശിച്ചിട്ടുള്ള മറ്റു ശുപാർശകളും പരിശോധിച്ച് ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

20-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം അടയ്ക്കുന്നത് സംബന്ധിച്ച മേല്പറഞ്ഞ ഖണ്ഡികയിലെ നിബന്ധനകൾ കൃത്യമായി പാലിക്കുന്ന കാര്യത്തിൽ പലപ്പോഴും തൊഴിലാളികൾക്ക് കഴിയാറില്ലെന്നും അതുമൂലം അവർ പിഴ ഒടുക്കേണ്ടിവരുന്നതായും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകാറുണ്ടെന്നും ആയതിനാൽ, അംശദായം അടയ്ക്കുന്ന കാര്യത്തിൽ കൂടുതൽ പ്രായോഗികവും തൊഴിലാളികൾക്ക് അഭികാമ്യവുമായ രീതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണെന്നും സമിതിയുടെ തെളിവെടുപ്പ് വേളയിൽ തൊഴിലാളി പ്രതിനിധികൾ സമിതിയെ ധരിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പദ്ധതിയിൽ അംഗമായ തൊഴിലാളി, നിധിയിലേക്ക് അടയ്ക്കേണ്ട അംശദായ തുക തൊട്ടടുത്തമാസം 5-ാം തീയതിക്കകം അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥ ഭേദഗതി ചെയ്യണമെന്നും, പദ്ധതിയിൽ അംഗത്വം നൽകുമ്പോൾതന്നെ ഓരോ തൊഴിലാളിയിൽ നിന്നും വാങ്ങാവുന്ന

സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ അംശദായ തുക വാർഷികാടിസ്ഥാനത്തിലോ അർദ്ധവാർഷികാടിസ്ഥാനത്തിലോ സ്വീകരിച്ച് വരവുവയ്ക്കുന്ന രീതികൂടി ഉൾപ്പെടുത്തത്തക്ക വിധത്തിൽ പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

ശുപാർശ പ്രകാരമുള്ള ഭേദഗതി നിർദ്ദേശം കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിലെ മറ്റു നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

24-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

അംശദായം ഇനത്തിലുള്ള കുടിശ്ശിക തൊഴിൽദായകരിൽ നിന്നും ഈടാക്കുന്നതിനെ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥ പദ്ധതിയിൽ തന്നെ ഉണ്ടായിരുന്നിട്ടും പ്രസ്തുത കുടിശ്ശിക ഈടാക്കി നിധിയിലേയ്ക്ക് സ്വരുക്കൂട്ടാനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ടവർ കാര്യക്ഷമമായി നടപ്പാക്കുന്നില്ല എന്ന കാര്യം സമിതി വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. അതോടൊപ്പം തന്നെ സംസ്ഥാനത്തൊട്ടാകെ പദ്ധതിയിൻകീഴിൽ വരുന്ന തൊഴിൽദായകർ വരുത്തിയിരിക്കുന്ന കുടിശ്ശിക തുക എത്രയാണെന്ന് കണക്കാക്കുവാനും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രസ്തുത തുക സമയബന്ധിതമായി ഈടാക്കി നിധിയിലേയ്ക്ക് മുതൽക്കൂട്ടുവാനുമാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

സമിതി ശുപാർശ പ്രകാരം സംസ്ഥാനത്തൊട്ടാകെ പദ്ധതിയിൻകീഴിൽ വരുന്ന തൊഴിൽദായകരിൽ നിന്നും പരമാവധി വിഹിതം പിരിച്ചെടുക്കുന്നതിന് നിയമാനുസൃതമായ നടപടി സ്വീകരിച്ചു വരുന്നതായി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അറിയിച്ചിട്ടുണ്ട്.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

34-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ആയതിനാൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെയും പ്രാദേശിക കമ്മിറ്റികളുടെയും ഓഫീസുകൾ ആധുനികവൽക്കരിക്കുകയും കമ്പ്യൂട്ടറുകളുടെയും വിവരസാങ്കേതിക വിദ്യയുടെയും സഹായത്തോടെ ഓഫീസുകളുടെ പ്രവർത്തനം ഏകോപിപ്പിക്കണമെന്നും അതുവഴി പദ്ധതി നടത്തിപ്പിലെ കാലതാമസവും ക്രമക്കേടുകളും ദുരുപയോഗവും പരമാവധി ലഘൂകരിക്കണമെന്നും സർക്കാരിന്റെ ഐ.റ്റി. വകുപ്പിന്റെ സേവനം ഇതിനായി പ്രയോജനപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുന്നതിനും ഓഫീസുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സാങ്കേതിക വിദ്യയുടെയും കമ്പ്യൂട്ടറുകളുടെയും സഹായം നിലവിൽ സ്വീകരിക്കുന്നുണ്ടെന്നും ഐ.ടി. വകുപ്പിന്റെ സേവനം പ്രയോജന പ്പെടുത്തുന്നതാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

35-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ഈ പദ്ധതിയിലെ വ്യവസ്ഥകളേയും അതിന്റെ നടത്തിപ്പിനേയും സംബന്ധിച്ച് മുൻ ഖണ്ഡികകളിലൂടെ സമിതി നടത്തിയ പരാമർശങ്ങളും ശുപാർശകളും സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പദ്ധതി കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഗവൺമെന്റ് മറുപടി

സമിതിയുടെ ശുപാർശകൾ ഗൗരവപൂർവ്വം പരിഗണിച്ച് പദ്ധതി കൂടുതൽ കാര്യ ക്ഷമവും ജനോപകാരപ്രദവും ആക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

44-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

പുതിയ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും അവശ്യഘടകവുമായ നോട്ടി ഫൈഡ് വേജസ് തീരുമാനിക്കുന്ന കാര്യത്തിൽ സർക്കാരിനാവശ്യമായ ഉപദേശം നൽകേണ്ട ജില്ലാ ഉപദേശകസമിതികൾ ഇതുസംബന്ധിച്ച ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത് രണ്ടുവർഷക്കാലം കഴിഞ്ഞിട്ടും സംസ്ഥാനത്തൊരിടത്തും രൂപീകരിക്കുവാൻ കഴിഞ്ഞില്ല എന്നത് ഖേദകരമായ ഒരു വസ്തുതയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അടിയന്തിരമായി ജില്ലാ ഉപദേശക സമിതികൾ രൂപീകരിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ഗവൺമെന്റ് മറുപടി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ഉപദേശക സമിതികൾ രൂപീകരിക്കാനുള്ള സർക്കാരിന്റെ ശ്രമം തൊഴിലാളി സംഘടനകളുടെ നിസ്സഹകരണം മൂലം ഫലപ്രാപ്തിയിലെത്തിയില്ല.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

46-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ഒന്നുമുതൽ മൂന്നുവരെയുള്ള ഉപചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സെക്ഷൻ 8 പ്രകാരമുള്ള നോട്ടിഫൈഡ് വേജസ് തീരുമാനിക്കുന്നതിൽ സർക്കാരിന് അതിന്റേതായ നടപടിക്രമം സ്വീകരിക്കാവുന്നതാണെന്നുള്ള ഒരു ഇനേബലിംഗ്

പ്രൊവിഷൻ (4)-ാം ഉപചട്ടമായി ചേർത്തിരിക്കുന്നു. ഈ ഉപചട്ടത്തിലെ വ്യവസ്ഥ ആക്ടിന്റെ 8-ാം വകുപ്പിന്റെ അന്തസ്സത്തയ്ക്ക് എതിരാണെന്ന് സമിതി വിലയിരുത്തുന്നു. ആക്ടിൽ നിർദ്ദേശിക്കപ്പെട്ട ഉദ്ദേശങ്ങളുമായി ബന്ധപ്പെട്ടോ, അതുസംബന്ധിച്ചോ, തൊഴിലാളികൾക്ക് കൊടുക്കുന്ന കൂലി, വിവിധ സ്ഥലങ്ങളിൽ വിവിധ നിരക്കിലും “നിർണ്ണയിക്കപ്പെട്ട” രീതിയിലും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം മുഖേന സർക്കാരിന് ക്രമീകരിക്കാവുന്നതാണ് എന്നാണ് വകുപ്പ് 8 (1)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിർണ്ണയിക്കപ്പെട്ട എന്ന പ്രയോഗം വകുപ്പ് 2(എച്ച്) പ്രകാരം നിർവ്വചിക്കപ്പെട്ടിരിക്കുന്നത് “ഈ ആക്ടിന്റെ കീഴിലുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു” എന്നാണ്. ആയതിനാൽ നോട്ടിഫൈഡ് വേജസ് തീരുമാനിക്കുവാൻ സർക്കാരിന് സർക്കാരിന്റേതായ നടപടിക്രമം സ്വീകരിക്കാവുന്നതാണെന്ന ചട്ടം 4(4)-ലെ വ്യവസ്ഥ ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ അത് നീക്കം ചെയ്യണമെന്നും നോട്ടിഫൈഡ് വേജസ് തീരുമാനിക്കുന്നതിനുള്ള നടപടിക്രമം ചട്ട പ്രകാരം നിർണ്ണയിക്കപ്പെട്ട വിധത്തിൽ മാത്രമായിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ഗവൺമെന്റ് മറുപടി

2002-ലെ കേരള കയറ്റിറക്ക് (വേതനം ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ചട്ടങ്ങൾ പ്രകാരം അതാതു പ്രദേശങ്ങളിലെ കൂലി നിരക്കുകൾ നിർണ്ണയിക്കുന്നത് ജില്ലാ ഉപദേശക സമിതികളാണ്. എന്നാൽ തൊഴിലാളി സംഘടനകളുടെ നിസ്സഹകരണംമൂലം ജില്ലാ ഉപദേശക സമിതികൾ രൂപീകരിക്കാൻ സർക്കാരിന് കഴിഞ്ഞില്ല. 2002-ലെ കയറ്റിറക്കു നിയമത്തിന്റെ ശരിയായ നടത്തിപ്പ് നോട്ടിഫൈഡ് വേജസിനെ ആശ്രയിച്ചാണിരിക്കുന്നത്. ഈ സാഹചര്യത്തിൽ നോട്ടിഫൈഡ് വേജസ് തീരുമാനിക്കുവാൻ സർക്കാരിന് സർക്കാരിന്റേതായ നടപടിക്രമം സ്വീകരിക്കാവുന്നതാണെന്ന ചട്ടം 4(4) ലെ വ്യവസ്ഥയ്ക്ക് പ്രസക്തിയുണ്ടാകുന്നത്.

21-12-2005-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

## 55-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

പുതിയ നിയമം നിലവിൽവന്നതിനുശേഷം, അതിലില്ലാത്ത വ്യവസ്ഥകളുടെ പേരിൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള അംഗീകൃത ചുമട്ടുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കത്തക്ക വിധത്തിലുള്ള നടപടികൾ പല പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ളതായി സമിതിക്ക് ബോധ്യമായി. ഈ നിയമത്തെയും അതിൻമേൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളെയും തൊഴിലാളി വിരുദ്ധമെന്ന് മുദ്രകുത്തി പ്രതിരോധിക്കുവാനുള്ള ഒരു പ്രവണത തൊഴിലാളികളുടെ ഇടയിൽ ഉണ്ടായതിനുള്ള പ്രധാന കാരണം അധികാരികളുടെ ഭാഗത്തുനിന്നും ഇത്തരത്തിലുണ്ടായിട്ടുള്ള നിരുത്തരവാദപരമായിട്ടുള്ള പ്രവർത്തികൾ ആണെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ 2002-ലെ നിയമത്തിന്റെയും അതിൻമേലുള്ള ചട്ടങ്ങളുടെയും വിജ്ഞാപനങ്ങളുടെയും വ്യാപ്തി സംബന്ധിച്ച് ഒരു വിശദീകരണം അടിയന്തിരമായി ഇതുമായി ബന്ധപ്പെട്ട എല്ലാവർക്കും നൽകേണ്ടതാണെന്നും ആവശ്യമാണെങ്കിൽ പത്രമാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 8-2-2005-ലെ യോഗത്തിലെ നിർദ്ദേശമനുസരിച്ച് 2002-ലെ കയറ്റിറക്ക് (കൂലി നിരക്ക് ക്രമീകരണവും നിയമവിരുദ്ധ പ്രവർത്തന നിയന്ത്രണവും) നിയമ പ്രകാരം ഏതെല്ലാം മേഖലകളിൽ പോലീസിന് ഇടപെടാനാകും എന്നത് സംബന്ധിച്ച് പോലീസ് വകുപ്പിലെ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് പോലീസ് ഡയറക്ടർ ജനറലിന് 7-3-2005-ലെ 2979/എച്ച്3/05/തൊഴിൽ നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏതൊക്കെ മേഖലയിലാണ് ഈ നിയമം ബാധകമാകുന്നതെന്ന് വിശദീകരിച്ച് ഒരു പത്രക്കുറിപ്പ് 6-8-2005-ന് പബ്ലിക് റിലേഷൻസ് വകുപ്പിന് പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ നല്കിയിരുന്നു. ഇത് പത്രങ്ങളിൽ വരികയും ചെയ്തിട്ടുണ്ട്.

21-12-2005-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

60-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ഈ സാഹചര്യത്തിൽ 11-ാം വകുപ്പ് 4-ാം ഉപ വകുപ്പിന്റെ (എ) ഇനത്തിലുള്ള 'സ്വമേധയാ' (suo-motu) പോലീസ് ഇൻസ്പെക്ടർക്ക് തൊഴിൽ തർക്കങ്ങളിൽ ഇട പെടാൻ അധികാരം നൽകുന്ന വ്യവസ്ഥ എടുത്തുകളയണമെന്നും (ഡി) ഇനത്തിൽ പറഞ്ഞിരിക്കുന്ന " നിർണ്ണയിക്കപ്പെട്ടേക്കാവുന്ന പ്രകാരമുള്ള മറ്റ് അധികാരങ്ങൾ വിനി യോഗിക്കുക"എന്ന വ്യവസ്ഥയനുസരിച്ച് പോലീസിന്റെ അധികാരത്തേയും ഇടപെടലി നേയും സംബന്ധിച്ച വിശദമായ വ്യവസ്ഥകൾ ചട്ടങ്ങളാൽ തന്നെ ഉടൻ നിർണ്ണയി ക്കേണ്ടതാണെന്നും അപ്രകാരം തൊഴിലാളികളുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഭയാശങ്കകൾക്ക് പരിഹാരം കാണേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

2002-ലെ കയറ്റിറക്ക് നിയമപ്രകാരം ഏതൊക്കെ മേഖലകളിൽ പോലീസിന് ഇടപെടാനാകും എന്നത് സംബന്ധിച്ച് പോലീസ് വകുപ്പിലെ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2-5-2005-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ നിയമത്തേയും ചട്ടങ്ങളേയും സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും തൊഴിലാളികളുടെ ഭയാശങ്കകൾ അകറ്റി യോഗത്തിന്റെ മിനിറ്റ്സ് പുറപ്പെടു വിക്കുകയും ചെയ്തു. നിയമം പിൻവലിക്കാനോ ഈ വ്യവസ്ഥ അപ്പാടെ എടുത്തു കളയുവാനോ കഴിയില്ല എന്ന് യോഗത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ അപ്പപ്പോൾ പരിഹാരം കാണാവുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു.

21-12-2005-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

65-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

മുൻ ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള അടിസ്ഥാന പ്രശ്നങ്ങളെ സംബന്ധിച്ചും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളെയും നിർദ്ദേശങ്ങളെയും സംബന്ധിച്ചും ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളണമെന്നും അപ്രകാരം ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിലാളികൾക്കും തൊഴിൽദായകർക്കും മറ്റ്

സാധാരണക്കാർക്കും ഗുണകരമായ രീതിയിൽ നിലവിലുള്ള നിയമത്തെയും അതിൻകീഴിലുള്ള ചട്ടങ്ങളെയും വ്യാഖ്യാനം ചെയ്ത് നടപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

സമിതിയുടെ നിർദ്ദേശങ്ങളിൽ ചിലത് ഇതിനകം നടപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവ പരിശോധിച്ച് ഊർജ്ജിതമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരികയുമാണ്. 2-5-2005-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന തൊഴിലാളി പ്രതിനിധികളുടെ യോഗത്തിൽ ചുമട്ടുതൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്യുകയും മിനിട്ട്സ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ മിനിട്ട്സിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രാധാന്യത്തോടെ തുടർനടപടികളും സ്വീകരിച്ചുവരികയാണ്.

21-12-2005-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

## അദ്ധ്യായം III

## സമിതി (2004-06)-യുടെ 8-ാമത് റിപ്പോർട്ട്

### സമിതി ശുപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിക്കാത്ത മറുപടികളും തുടർന്ന് ആവശ്യപ്പെട്ട അധിക വിവരങ്ങളും അതിനുള്ള മറുപടിയും

28, 29 നമ്പർ ഖണ്ഡികകളിലെ ശുപാർശ

ചുമടെടുത്ത് ജീവിക്കുന്ന ഒരു തൊഴിലാളിയുടെ ആകസ്മിക നിര്യാണം നിമിത്തം അയാളുടെ കുടുംബത്തിൽ ഉണ്ടായേക്കാവുന്ന കഷ്ടപ്പാടുകൾ ലഘൂകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വിഭാവനം ചെയ്തിരിക്കുന്ന ഈ വ്യവസ്ഥയുടെ ഉദ്ദേശശുദ്ധിയെ സമിതി സ്വാഗതം ചെയ്യുന്നതോടൊപ്പം നോമിനിയായ കുട്ടികൾക്ക് 21 വയസ്സ് പൂർത്തിയായാൽ, 7 വർഷം എന്ന കാലാവധി തികഞ്ഞില്ലെങ്കിലും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ലെന്നുള്ള വ്യവസ്ഥയിൽ നിന്നും അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ സംഭവിച്ച കുട്ടികളെ ഒഴിവാക്കണമെന്നും അവർക്ക് ആജീവനാന്തം കുടുംബ പെൻഷൻ ലഭിക്കത്തക്കവിധം പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

അതുപോലെ ആശ്രിതർ മരണപ്പെട്ടാൽ നൽകുന്ന ധനസഹായം എന്ന 15(3) ഖണ്ഡികയിലുള്ള, നിധിയിലെ അംഗത്തിന്റെ ആശ്രിതരായ മാതാപിതാക്കൾ, ഭാര്യ/ഭർത്താവ്, 18 വയസ്സിൽ താഴെയുള്ള മക്കൾ എന്നിവർ മരണപ്പെട്ടാൽ മരണാനന്തര സഹായമായി ഓരോ കേസിലും, സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 500 രൂപ വീതം ഗ്രാന്റായി നൽകുന്നതാണെന്ന വ്യവസ്ഥയിൽ, അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ സംഭവിച്ച മക്കളുടെ കാര്യത്തിൽ പ്രായപരിധി ഇല്ലാതെതന്നെ ആനുകൂല്യം നൽകത്തക്കവിധത്തിൽ ആവശ്യമായ ഭേദഗതി പദ്ധതിയിൽ വരുത്തണമെന്നുകൂടി സമിതി നിർദ്ദേശിക്കുന്നു.

## ഗവൺമെന്റ് മറുപടി

ഈ ഖണ്ഡികയിലെ ശുപാർശ പ്രകാരം പദ്ധതി, ഭേദഗതി ചെയ്യുന്നതുമൂലം ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സർക്കാർ വഹിക്കുകയാണെ ങ്കിൽ പദ്ധതി ഭേദഗതി ചെയ്യാവുന്നതാണെന്ന് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടെന്ന് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

21-12-2005-നു ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഇക്കാര്യത്തിലുള്ള അന്തിമ മറുപടി ലഭ്യമാക്കാൻ തൊഴിൽ വകുപ്പിനോട് ആവശ്യ പ്പെടുകയും ചെയ്തു. അപ്രകാരം ആവശ്യപ്പെട്ടതിന് 11-7-2008-ലെ 8728/എച്ച്3/05/ തൊഴിൽ നമ്പർ കത്തുപ്രകാരം താഴെപ്പറയുന്ന മറുപടി ലഭ്യമാക്കുകയുണ്ടായി.

ഈ ഖണ്ഡികയിലെ ശുപാർശ പ്രകാരം പദ്ധതി ഭേദഗതി ചെയ്യുന്നതുമൂലം ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സർക്കാർ വഹിക്കുകയാ ണെങ്കിൽ പദ്ധതി ഭേദഗതി ചെയ്യാവുന്നതാണെന്ന് 24-11-2005-ലെ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടന്ന് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ ഇപ്പോൾ നിലവിലുള്ള ബോർഡിന്റെ തീരുമാനം അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

2008 സെപ്റ്റംബർ 9-നു ചേർന്ന സമിതി യോഗം പ്രസ്തുത ഖണ്ഡികയിലെ ശുപാർശയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും ഇല്ലെങ്കിൽ തീരുമാനമെടുത്ത ഉടൻ സമിതിയെ അറിയിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ആയതിനാൽ 20-7-2009-ലെ 8728/എച്ച്3/05/തൊഴിൽ നമ്പർ കത്തുമുഖേന ലഭ്യമാക്കിയ മറുപടി താഴെപ്പറയുംപ്രകാരമാണ്.

സമിതി ശുപാർശ ചെയ്തതനുസരിച്ച് പദ്ധതി ഭേദഗതി ചെയ്തുകൊണ്ട് 3-7-2009-ലെ ജി.ഒ.(പി) നമ്പർ 85/2009/തൊഴിൽ നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ 30 പകർപ്പുകൾ 13-7-2009-ലെ 8728/എച്ച്3/05/തൊഴിൽ നമ്പർ കത്ത് പ്രകാരം സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിക്ക് സമർപ്പിക്കുന്നതിനായി അയച്ചിട്ടുണ്ട്.

[മേല്പറഞ്ഞ വിജ്ഞാപനം (എസ്.ആർ.ഒ. 574/09) അനുബന്ധമായി ചേർത്തിട്ടുണ്ട്.]

പ്രസ്തുത വിജ്ഞാപനം 5-8-2009-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കു കയും ചെയ്തു.

## 32-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ഈ ക്ഷേമപദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ആദ്യവർഷം സർക്കാർ 50 ലക്ഷം രൂപ ഗ്രാന്റായി നൽകിയിരുന്ന തായും തുടർന്നുവരുന്ന 5 വർഷക്കാലത്തേക്ക് ഇതുപോലെ ഗ്രാന്റ് നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നെങ്കിലും അത് നിറവേറ്റപ്പെട്ടില്ല എന്നും ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് സമിതിയെ അറിയിക്കുകയുണ്ടായി. സർക്കാർ വാഗ്ദാനം ചെയ്തിരുന്ന ഗ്രാന്റ് തുടർച്ചയായി ലഭിക്കുകയാണെങ്കിൽ അർഹരായവർക്ക് നിധിയിൽ നിന്നും കൃത്യമായ പെൻഷൻ നൽകാൻ കഴിയുമെന്നും അദ്ദേഹം സമിതിയെ ബോദ്ധ്യ പ്പെടുത്തി. ഈ സാഹചര്യത്തിൽ പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി തൊഴിലിൽ നിന്നും വിരമിക്കുന്ന അർഹതയുള്ള എല്ലാ സ്കാറ്റേർഡ്

വിഭാഗം ചുമട്ടുതൊഴിലാളികൾക്കും ഒരു നിശ്ചിത തുക പ്രതിമാസ പെൻഷനായി നൽകുവാനുള്ള ഒരു വ്യവസ്ഥകൂടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നും ഇതിനായി വേണ്ടിവരുന്ന തുക പ്രാരംഭത്തിൽ ഗ്രാന്റായി സർക്കാർ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഗവൺമെന്റ് മറുപടി

കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ്) പദ്ധതിയിൽപ്പെട്ട തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേക്ക് സർക്കാരും തൊഴിലാളികളും കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡും വിഹിതം നൽകി ഒരു പെൻഷൻ പദ്ധതി ബോർഡ് തയ്യാറാക്കി സമർപ്പിക്കുവാൻ മുഖ്യമന്ത്രി 2-5-2005-ന് വിളിച്ചുചേർത്ത തൊഴിലാളി പ്രതിനിധികളുടെ യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് ശുപാർശ ലഭ്യമാക്കാൻ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

21-12-2005-നു ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും ഇക്കാര്യത്തിലുള്ള അന്തിമ മറുപടി ലഭ്യമാക്കാൻ തൊഴിൽ വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും അപ്രകാരം ആവശ്യപ്പെട്ടതിന് 11-7-2008-ലെ 8728/എച്ച്3/05/തൊഴിൽ നമ്പർ കത്തുപ്രകാരം താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി.

കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ്) പദ്ധതിയിൽപ്പെട്ട തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേക്ക് തൊഴിലാളികളും കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും വിഹിതം നൽകി ഒരു പെൻഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതി ഭേദഗതിയായി പുറപ്പെടുവിക്കുന്നതിന്റെ പ്രാരംഭമായി അതിന്മേൽ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം 20-5-2008-ൽ 22097/എച്ച്3/07/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

തുടർന്ന് 20-7-2009-ലെ 8728/എച്ച്3/05/തൊഴിൽ നമ്പർ കത്തു പ്രകാരം താഴെ പറയുംപ്രകാരം അറിയിക്കുകയുണ്ടായി.

സമിതി ശുപാർശ ചെയ്തതനുസരിച്ച് സ്കാറ്റേർഡ് വിഭാഗം പദ്ധതിയിലെ അംഗങ്ങൾ വിരമിക്കുമ്പോൾ പ്രതിമാസ പെൻഷൻ നൽകുന്നതിനായി പദ്ധതി ഭേദഗതി ചെയ്തുകൊണ്ട് 4-2-2009-ലെ ജി.ഒ.(പി)17/2009/തൊഴിൽ നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ 30 പകർപ്പുകൾ 17-2-2009-ലെ 22097/എച്ച്3/07/തൊഴിൽ നമ്പർ കത്ത് പ്രകാരം സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിക്ക് സമർപ്പിക്കുന്നതിനായി അയച്ചിട്ടുണ്ട്.

(വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 111/09 അനുബന്ധമായി ചേർത്തിട്ടുണ്ട്.)

പ്രസ്തുത എസ്.ആർ.ഒ. 5-8-2009-ലെ യോഗം പരിഗണിക്കുകയും സ്കാറ്റേർഡ് വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഒരേസമയം പെൻഷനും ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യത്തിനും അർഹതയുണ്ടോ എന്ന് തൊഴിൽ വകുപ്പിനോട് ആരായാൻ നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം ആവശ്യപ്പെട്ടതിന് 7-12-2009-ലെ 21446/എച്ച്3/09/തൊഴിൽ നമ്പർ കത്തുപ്രകാരം താഴെപ്പറയുന്ന മറുപടി ലഭ്യമാക്കുകയുണ്ടായി.

പന്ത്രണ്ടാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004-06)-യുടെ 8-ാമത് റിപ്പോർട്ടിലെ 32-ാം ഖണ്ഡികയിൽ, 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയായി തൊഴിലിൽ നിന്നും വിരമിക്കുന്ന അർഹതയുള്ള എല്ലാ സ്കാറ്റേർഡ് വിഭാഗം ചുമട്ടുതൊഴിലാളികൾക്കും ഒരു നിശ്ചിത തുക പ്രതിമാസ പെൻഷനായി നൽകുവാനുള്ള ഒരു വ്യവസ്ഥകൂടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നും അതിനായി വേണ്ടിവരുന്ന തുക പ്രാരംഭത്തിൽ ഗ്രാന്റായി സർക്കാർ നൽകണമെന്നും സമിതി ശുപാർശ ചെയ്തിരുന്നു.

1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ അംഗത്വമുള്ള, 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക്, ഒടുക്കുന്ന അംശദായ തുകയുടെ സ്ലാബിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ പെൻഷൻ നൽകുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് യോഗത്തിൽ തീരുമാനമെടുത്തതനുസരിച്ച് പദ്ധതിയുടെ 14,15 എന്നീ ഖണ്ഡികകൾ ഭേദഗതി ചെയ്തുകൊണ്ട് ജി.ഒ.(പി) നമ്പർ 17/2009/തൊഴിൽ, തീയതി 31-1-2009 (എസ്.ആർ.ഒ. നമ്പർ 111/2009) പ്രകാരം 4-2-2009 ലെ 279-ാം നമ്പർ കേരള അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

ടി വിജ്ഞാപനം പരിഗണിച്ച 5-8-2009-ലെ സമിതിയോഗം ഈ വിഭാഗത്തിലെ തൊഴിലാളികൾക്ക് ഒരേ സമയം ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യത്തിനും സൂപ്പർ അന്വേഷൻ പെൻഷനും അർഹതയുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയം 12-11-2009-ൽ കൂടിയ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ 341-ാമത് യോഗത്തിൽ ചർച്ച ചെയ്യുകയും പദ്ധതിയുടെ ഖണ്ഡിക 15(6)(എ)-യിലെ വ്യവസ്ഥപ്രകാരമുള്ള ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യം തൊഴിലാളികൾ നിധിയിലേക്ക് അടച്ച അംശദായത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നതായതിനാൽ പിരിഞ്ഞുപോകുമ്പോൾ ഈ തുക തിരികെ ലഭിക്കാൻ അവർക്ക് അർഹതയുണ്ടെന്ന് വിലയിരുത്തുകയും പെൻഷൻ നിലവിൽവന്ന സാഹചര്യത്തിലും തൊഴിലാളികൾക്ക് ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യം നൽകേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ഒരേ സമയം ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യത്തിനും സൂപ്പർ അന്വേഷൻ പെൻഷനും അർഹതയുണ്ടെന്ന് അറിയിച്ചുകൊള്ളുന്നു.

10-2-2009-നു ചേർന്ന സമിതി യോഗം മറുപടി അംഗീകരിച്ചു.

## 50-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

ഗാർഹികേതര ആവശ്യമെന്ന നിർവ്വചനത്തിൻകീഴിൽ വരുന്ന പല പ്രവൃത്തികളെയും വേണമെങ്കിൽ ഗാർഹികമെന്ന നിലയിൽ പരിഗണിക്കപ്പെടാനും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പണികളിൽ നിന്നും അംഗീകൃത തൊഴിലാളികളെ അകറ്റിനിർത്തുന്നതിനും കഴിയത്തക്കവിധത്തിലുള്ളതാണ് മേൽപ്പറഞ്ഞ രണ്ട് നിർവ്വചനങ്ങളിലെയും ചില വ്യവസ്ഥകൾ എന്ന് സമിതി കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആക്ടിലെ 2-ാം വകുപ്പിൻ കീഴിലുള്ള 'ഗാർഹിക ആവശ്യം', `ഗാർഹികേതര ആവശ്യം' എന്നീ നിർവ്വചനങ്ങളിൽ കൂടുതൽ വ്യക്തത വരുത്തണമെന്നും വിവിധ പണികളെ വ്യാജമായി ഗാർഹിക ആവശ്യമെന്ന ഗണത്തിൽപ്പെടുത്തി അംഗീകൃത തൊഴിലാളികളെ ഒഴിവാക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിലേക്കായി വകുപ്പ് 2 (എഫ്)-ന്റെ (i), (ii), (iv), (v) എന്നീ ഉപ ഇനങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ഗവൺമെന്റ് മറുപടി

ഈ ആവശ്യം പരിശോധിച്ചുവരുന്നു.

ഇക്കാര്യം പരിഗണിച്ച 21-12-2005-ലെ സമിതിയോഗം ഇതു സംബന്ധിച്ച അന്തിമ മറുപടി ലഭ്യമാക്കാൻ തൊഴിൽ വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു. അപ്രകാരം ആവശ്യപ്പെട്ടതിന് 20-11-2008-ലെ 8728/എച്ച്3/05/തൊഴിൽ നമ്പർ കത്തുപ്രകാരം തൊഴിൽ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി താഴെപ്പറയും പ്രകാരമാണ്.

2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമീകരിക്കലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമം പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

9-9-2008-ലെ സിമിതിയോഗം മറുപടി അംഗീകരിച്ചു.

## 64-ാം നമ്പർ ഖണ്ഡികയിലെ ശുപാർശ

നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള വിവിധ ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതികളിൻകീഴിൽ പ്രവർത്തിക്കുന്ന അംഗീകൃത ചുമട്ടുതൊഴിലാളികളുടേയും അസംഘടിത മേഖലയിലുള്ള ചുമട്ടുതൊഴിലാളികളുടേയും ന്യായമായ ജോലി-കൂലി വ്യവസ്ഥകൾ, തർക്കപ്രശ്നങ്ങൾ, മറ്റ് അനാരോഗ്യ പ്രവണതകൾ എന്നിവ നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി തക്ക സമയത്ത് ചർച്ചകളിലൂടെയും സമവായത്തിലൂടെയും പരിഹരിക്കുകയാണെങ്കിൽ ഈ രംഗത്ത് കൂടുതൽ മെച്ചപ്പെട്ട ഒരു അന്തരീക്ഷം സംജാതമാകും എന്ന കാര്യത്തിൽ സമിതിക്ക് സംശയമില്ല. അതിനായി തൊഴിലാളി പ്രതിനിധികൾ, ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രതിനിധികൾ, തൊഴിൽ വകുപ്പുദ്യോഗസ്ഥർ, പോലീസ് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായി സംസ്ഥാനതലത്തിൽ ഒരു ഉപദേശക സമിതി രൂപീകരിക്കുകയും സംസ്ഥാനത്ത് പൊതുവേ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് സർക്കാരിന് ആവശ്യമായ ഉപദേശം നൽകുന്ന വിധത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തുന്നത് നന്നായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

ഗവൺമെന്റ് മറുപടി

ഇക്കാര്യം പരിശോധിച്ചു വരുന്നു.

21-12-2005-ലെ സമിതിയോഗം മറുപടി പരിഗണിക്കുകയും ഇതു സംബന്ധിച്ച അന്തിമ മറുപടി ലഭ്യമാക്കാൻ തൊഴിൽ വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ആവശ്യപ്പെട്ടതിന് 20-11-2008-ലെ 8728/എച്ച്3/05/ തൊഴിൽ നമ്പർ കത്തുപ്രകാരം താഴെപ്പറയുന്ന മറുപടി ലഭ്യമാക്കുകയുണ്ടായി.

2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമീകരിക്കലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമം പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

9-9-2008-ലെ സിമിതിയോഗം മറുപടി അംഗീകരിച്ചു.

തിരുവനന്തപുരം,
2010 മാർച്ച് 25.

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

അനുബന്ധം

# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 85/2009/തൊഴിൽ. *തിരുവനന്തപുരം, 2009 ജൂലൈ 3.*

**എസ്. ആർ. ഒ. നമ്പർ 574/2009.**—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് (1980-ലെ 20), 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1999 മെയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനുവേണ്ടി, പ്രസ്തുത ഉപവകുപ്പു പ്രകാരം ആവശ്യമായ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ടുള്ള കരട് പദ്ധതി, 2009 ജനുവരി 22-ാം തീയതിയിലെ 8728/എച്ച്3/2005/തൊഴിൽ നമ്പർ വിജ്ഞാപനമായി 2009 ജനുവരി 31-ാം തീയതിയിലെ 250-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും, അതിന്മേൽ നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപമോ നിർദ്ദേശമോ ലഭിച്ചിട്ടില്ലാത്തതും, അതിനാൽ താഴെപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുകയും ചെയ്യുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ പദ്ധതിക്ക് 2009-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയുടെ അദ്ധ്യായം 5-ലെ 15-ാം ഖണ്ഡികയിൽ,—

(1) (2)-ാം ഉപഖണ്ഡികയുടെ (ബി) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ ആശ്രിതരായ മക്കൾ അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ സംഭവിച്ചവരാണെങ്കിൽ ഈ ആനുകൂല്യം നൽകുന്നതിന് പ്രായപരിധി ബാധകമല്ല.";

(2) (3)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്.—

"എന്നാൽ ആശ്രിതരായ മക്കൾ അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ സംഭവിച്ചവരാണെങ്കിൽ ഈ ആനുകൂല്യം നൽകുന്നതിന് പ്രായപരിധി ബാധകമല്ല.";

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിലെ അംഗങ്ങളുടെ ആശ്രിതർക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള കുടുംബ പെൻഷനും ആശ്രിതർ മരണപ്പെട്ടാൽ നൽകുന്ന ധനസഹായവും നൽകുന്നതിന് അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ സംഭവിച്ച കുട്ടികളെ പ്രായപരിധിയിൽനിന്ന് ഒഴിവാക്കണമെന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2004-06)-യുടെ 8-ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യത്തിൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡും അനുകൂല അഭിപ്രായം അറിയിച്ചതിനാൽ സമിതി ശിപാർശ അനുസരിച്ച് പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു. പ്രസ്തുത ഭേദഗതി സംബന്ധിച്ച് 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, 2009 ജനുവരി 22-ാം തീയതിയിലെ 8728/എച്ച്3/2005/തൊഴിൽ നമ്പരിലുള്ള വിജ്ഞാപനമായി 2009 ജനുവരി 31-ാം തീയതിയിലെ 250-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കരട് പദ്ധതിയിൻമേൽ നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപമോ നിർദ്ദേശമോ ലഭിച്ചിട്ടില്ലാത്തതിനാൽ, കരട് പദ്ധതിയിലെ വ്യവസ്ഥകൾ അന്തിമ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 17/2009/തൊഴിൽ *തിരുവനന്തപുരം, 2009 ജനുവരി 31.*

**എസ്. ആർ. ഒ. നമ്പർ 111/2009.**—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് (1980-ലെ 20), 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനുവേണ്ടി, പ്രസ്തുത ഉപവകുപ്പു പ്രകാരം ആവശ്യമായ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ടുള്ള കരട് പദ്ധതി, 2008, മേയ് 17-ാം തീയതിയിലെ 22097/എച്ച്3/07/തൊഴിൽ നമ്പർ വിജ്ഞാപനമായി 2008, മേയ് 21-ാം തീയതിയിലെ 1007-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും, അതിന്മേൽ നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപമോ നിർദ്ദേശമോ ലഭിച്ചിട്ടില്ലാത്തതും, അതിനാൽ താഴെപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുകയും ചെയ്യുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ പദ്ധതിക്ക് 2009-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേരു പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ,—

(1) അദ്ധ്യായം 4-ലെ 14-ാം ഖണ്ഡികയ്ക്കുശേഷം താഴെ പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :—

"14എ. ബോർഡ് ഓരോ വർഷവും 5 ലക്ഷം രൂപ വീതം ഗ്രാന്റായി നിധിയിലേക്ക് നൽകുന്നതാണ്."

(2) അദ്ധ്യായം 5-ലെ നിലവിലുള്ള 15-ാം ഖണ്ഡികയുടെ ആരംഭത്തിൽ "ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യം" എന്ന വാക്കുകൾക്കുശേഷം "സൂപ്പറാന്വേഷൻ പെൻഷൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) 15-ാം ഖണ്ഡികയ്ക്കുശേഷം, താഴെ പറയുന്ന ഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:—

"15എ. സൂപ്പറാന്വേഷൻ പെൻഷൻ.— (1) പദ്ധതി നിലവിൽ വന്നതിനുശേഷം പത്തുവർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് അംഗത്വം

നിലനിറുത്തിവരുന്ന ഒരംഗത്തിന്, 60 വയസ്സ് പൂർത്തിയാകുമ്പോൾ ജോലിയിൽ നിന്ന് വിരമിക്കുന്നപക്ഷം, സൂപ്പറാന്വേഷൻ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26എ പ്രകാരം രജിസ്ട്രേഷൻ ലഭിച്ച് ചുമട്ടുതൊഴിലാളിയായി ജോലി ചെയ്തുവരികയും, പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം തുടർന്ന് നിധിയിൽ അംഗത്വമെടുത്ത് അംശദായമടച്ചു വരവെ 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്ന് വിരമിച്ചതോ, വിരമിക്കുന്നതോ ആയ ഒരംഗത്തിനും പ്രതിമാസ സൂപ്പറാന്വേഷൻ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ് :

എന്നാൽ, (2)-ാം ഉപഖണ്ഡിക പ്രകാരമുള്ള പെൻഷന്, അംഗത്വ കാലയളവും പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പുള്ള കാലയളവും അടക്കം 60 വയസ്സ് പൂർത്തിയാകുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി മൊത്തം പത്തു വർഷത്തിൽ കുറയാത്ത കാലം ചുമട്ടുതൊഴിലാളിയായി ജോലി ചെയ്യാത്ത ഒരാൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

(3) (2)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള, പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുമ്പുള്ള കാലയളവിൽ 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26എ പ്രകാരം രജിസ്ട്രേഷൻ ലഭിച്ചശേഷം ചുമട്ടുതൊഴിലാളി ജോലിചെയ്ത കാലയളവു മാത്രമേ ഉൾപ്പെടുകയുള്ളൂ.

(4) ഭേദഗതി പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് വിരമിച്ചിട്ടുള്ള അംഗങ്ങൾ ബോർഡ് അധികാരിക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന്റെ തൊട്ടടുത്ത മാസം ഒന്നാംതീയതി മുതൽ മാത്രമേ പെൻഷന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(5) പെൻഷന് വേണ്ട മിനിമം ക്വാളിഫൈയിംഗ് സർവ്വീസായ 10 വർഷം കണക്കാക്കുന്നതിനു മാത്രമേ പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുമ്പുള്ള സേവനകാലം പരിഗണിക്കുകയുള്ളൂ.

(6) പെൻഷന് അർഹതപ്പെട്ട ക്വാളിഫൈയിംഗ് സർവ്വീസ് കണക്കാക്കുമ്പോൾ, അംഗത്തിന്റെ പൂർത്തിയായ സേവന വർഷങ്ങൾക്കുശേഷം ഒരു വർഷത്തിന്റെ ഭാഗം വരികയാണെങ്കിൽ, അത് ആറുമാസമോ അതിൽ കൂടുതലോ ആണെങ്കിൽ ഒരു പൂർണ്ണ വർഷമായി കണക്കാക്കുന്നതും, ആറുമാസത്തിൽ കുറവാണെങ്കിൽ ഒഴിവാക്കുന്നതുമാണ്. എന്നാൽ മിനിമം ക്വാളിഫൈയിംഗ് സർവ്വീസ് ആയ 10 വർഷം കണക്കാക്കുന്നതിന് അംഗം 9 വർഷവും 1 മാസവും അംശദായം അടച്ചിട്ടുണ്ടെങ്കിൽ സേവനകാലം 10 വർഷമായി കണക്കാക്കുന്നതാണ്.

(7) 15-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡിക പ്രകാരം ഗ്രാന്റോ അവശതാപെൻഷനോ കൈപ്പറ്റുന്ന ഒരംഗത്തിന് അവശത സംഭവിക്കുന്നതിന് മുമ്പ് 15എ ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡിക പ്രകാരമോ (2)-ാം ഉപഖണ്ഡിക പ്രകാരമോ പെൻഷൻ ലഭിക്കുന്നതിന് അർഹമായ സേവന കാലാവധി പൂർത്തിയായിട്ടുണ്ടെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് സൂപ്പറാന്വേഷൻ പെൻഷന് അർഹതയുണ്ടായിരിക്കും.

(8) (5)-ാം ഉപഖണ്ഡിക പ്രകാരം നിർദ്ദിഷ്ട സേവനകാലം പൂർത്തിയാകാത്തതിനാൽ സൂപ്പറാന്വേഷൻ പെൻഷന് അർഹതയില്ലാത്ത, അവശതാ പെൻഷൻ ലഭിച്ചുവന്ന ഒരംഗത്തിന് അവശതാ പെൻഷൻ തുകയോ അർഹതപ്പെട്ട സൂപ്പറാന്വേഷൻ പെൻഷൻ തുകയോ ഏതാണ് കുറവ്, ആ തുക 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് തുടർന്നും പെൻഷനായി നല്കേണ്ടതാണ്:

എന്നാൽ, 15-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡിക പ്രകാരം ധനസഹായം കൈപ്പറ്റിയ അംഗം, 60 വയസ്സുവരെ ലഭിക്കുമായിരുന്ന അവശതാ പെൻഷൻ തുകയേക്കാൾ കൂടുതൽ തുക ധനസഹായമായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അധികമായി കൈപ്പറ്റിയ തുക നിധിയിലേക്ക് തിരിച്ചടയ്ക്കാത്തപക്ഷം 60 വയസ്സ് പൂർത്തിയാക്കിയ ശേഷമുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

(9) പ്രതിമാസ പെൻഷൻതുക.—(എ) ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ തുക പത്തുകൊല്ലത്തിൽ കുറയാത്ത സേവന കാലയളവിന് 200 രൂപ ആയിരിക്കുന്നതാണ്.

(ബി) പ്രതിമാസം 20 രൂപ വീതം അംശദായം അടച്ചവർക്ക് 200 രൂപയും, 30 രൂപ വീതം അംശദായം അടച്ചവർക്ക് 250 രൂപയും, 40 രൂപ വീതം അംശദായം അടച്ചവർക്ക് 300 രൂപയും 50 രൂപ വീതം അംശദായം അടച്ചവർക്ക് 350 രൂപയും ആയിരിക്കും പ്രതിമാസ പെൻഷൻ തുക:

എന്നാൽ, കുറഞ്ഞത് 6 വർഷക്കാലയളവിലെങ്കിലും പൂർണ്ണമായി അംശദായം അടച്ച്, അംഗത്വം നിലനിർത്തി വിരമിക്കുന്നവർക്ക് മാത്രമേ (9)-ാം ഉപഖണ്ഡികയിലെ (ബി) ഖണ്ഡപ്രകാരമുള്ള 200 രൂപയിൽ കൂടുതലുള്ള പെൻഷൻതുകയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(സി) പത്തുവർഷത്തിലധികം കാലം അംശദായം അടച്ച് അംഗത്വം നിലനിർത്തി 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗങ്ങൾക്കുള്ള പെൻഷൻ തുക 10 വർഷത്തിനുമേലെ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും (9)-ാം ഉപഖണ്ഡികയിലെ (ബി) ഖണ്ഡപ്രകാരം അർഹതപ്പെട്ട പെൻഷൻ തുകയുടെ 5 ശതമാനം വീതം വർദ്ധിപ്പിച്ച് നല്കേണ്ടതാണ്.

15ബി. പെൻഷൻ ഫണ്ട്.—(1) പദ്ധതി പ്രാബല്യത്തിൽ വന്നാൽ ഉടൻ ബോർഡ് നിധിയിൽ നിന്നും അംഗങ്ങൾക്ക് 15എ ഖണ്ഡിക പ്രകാരമുള്ള സൂപ്പറാന്വേഷൻ പെൻഷൻ, 15 (2) ഖണ്ഡിക പ്രകാരമുള്ള കുടുംബ പെൻഷൻ, 15 (1) (എ) ഖണ്ഡിക പ്രകാരമുള്ള അവശതാ പെൻഷൻ എന്നിവ നല്കുന്നതിനായി നിധിയുടെ ഭാഗമായി ഒരു പ്രത്യേക പെൻഷൻ ഫണ്ട് "കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) പെൻഷൻ ഫണ്ട്" എന്ന പേരിൽ രൂപീകരിക്കേണ്ടതാണ്.

(2) നിധിയിലേക്ക് താഴെ പറയുന്ന തുകകൾ വകകൊള്ളിക്കേണ്ടതും വരവ് വയ്ക്കേണ്ടതുമാണ്,—

(എ) പദ്ധതിയിലെ 13-ാം ഖണ്ഡിക പ്രകാരം ഓരോ സാമ്പത്തിക വർഷവും തൊഴിൽദായകനിൽ നിന്നും ലഭിക്കുന്ന അംശദായ തുകയുടെ 67 ശതമാനത്തിന് തുല്യമായ തുക.

(ബി) പെൻഷൻ നല്കുന്നതിനായി ബോർഡ് അതത് കാലത്ത് നീക്കിവയ്ക്കുന്ന തുക.

(സി) പെൻഷൻ ഫണ്ട് നിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന പലിശ.

(ഡി) പെൻഷൻ നല്കുന്നതിനുവേണ്ടി സർക്കാർ പ്രത്യേക ധനസഹായമായി അതത് കാലത്ത് അനുവദിക്കുന്ന തുക.

(3) ചീഫ് എക്സിക്യൂട്ടീവ് ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞ് മൂന്നുമാസത്തിനകം (2)-ാം ഉപഖണ്ഡികയിലെ (എ) ഖണ്ഡപ്രകാരമുള്ള തുക കണക്കാക്കി നിധിയിൽ നിന്നും മാറ്റി പെൻഷൻ ഫണ്ടിലേക്ക് വകകൊള്ളിക്കേണ്ടതാണ്.

(4) പെൻഷൻ ഫണ്ട് ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ബോർഡ്, പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം പെൻഷൻ ഫണ്ടിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

(5) പെൻഷൻ ഫണ്ടിൽ നിന്നും തുക അംഗങ്ങൾക്ക് സൂപ്പറാന്വേഷൻ പെൻഷൻ, അവശതാ പെൻഷൻ, മരണപ്പെടുന്ന അംഗങ്ങളുടെ കുടുംബത്തിന് കുടുംബ പെൻഷൻ എന്നിവ നല്കുന്നതിന് വിനിയോഗിക്കാവുന്നതാണ്.

(6) പെൻഷൻ ഫണ്ട് ബോർഡ് നിശ്ചയിക്കുന്ന പ്രകാരം ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, ഷെഡ്യൂൾഡ് ബാങ്കിലോ, സഹകരണ ബാങ്കിലോ, സർക്കാർ അംഗീകാരത്തോടെ മറ്റേതെങ്കിലും ധനകാര്യ സ്ഥാപനത്തിലോ, ഇതിനുവേണ്ടി ബോർഡിന്റെ പേരിൽ ആരംഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(7) പെൻഷൻ ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും ബോർഡ് ചുമതലപ്പെടുത്തുന്ന പ്രകാരം ചീഫ് എക്സിക്യൂട്ടീവിനും താഴെ പറയുന്നവരിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനും ചേർന്ന് സംയുക്തമായി ഒപ്പിടുന്ന ചെക്ക് മുഖേന പെൻഷൻ വിതരണത്തിനും, അനുബന്ധ ചെലവുകൾക്കും, ദീർഘകാല/ഹ്രസ്വകാല നിക്ഷേപത്തിനുമായി തുക പിൻവലിക്കാവുന്നതാണ്:

(എ) ഫിനാൻസ് ഓഫീസർ

(ബി) സെക്രട്ടറി

(8) ബോർഡ് അതതുകാലത്തു നിശ്ചയിക്കുന്ന പരിധിക്കു വിധേയമായി പെൻഷൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് പെൻഷൻ വിതരണത്തിനും അനുബന്ധ ചെലവുകൾക്കുമായി ഉപയോഗിക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(9) ബോർഡോ ചീഫ് എക്സിക്യൂട്ടീവോ നിർദ്ദേശിക്കുന്ന പ്രകാരം പെൻഷൻ ഫണ്ടിന്റെ വരവ്, ചെലവ്, നിക്ഷേപം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ചുള്ള കണക്കുകളും ലഡ്ജറുകളും സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

15സി. <u>പെൻഷൻ അപേക്ഷയും നടപടിക്രമങ്ങളും</u>.—(1) 15എ ഖണ്ഡിക പ്രകാരം പെൻഷന് അർഹതയുള്ള ഒരംഗം, അർഹത നേടി മൂന്നുമാസത്തിനകം ഫോറം നമ്പർ 8-ലുള്ള അപേക്ഷ, രേഖകൾ സഹിതം ബന്ധപ്പെട്ട ലോക്കൽ കമ്മിറ്റി ചെയർമാനോ ലോക്കൽ കമ്മിറ്റി ഇല്ലാത്തിടങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കമ്മിറ്റി

ചെയർമാനോ ഇക്കാര്യത്തിൽ ബോർഡ് അധികാരപ്പെടുത്തിയ മറ്റ് ഓഫീസർക്കോ സമർപ്പിക്കേണ്ടതാണ്.

(2) സൂപ്പറാന്വേഷൻ ആയാലുടൻ അംഗം ചട്ടം 26എ പ്രകാരമുള്ള ഐഡന്റിറ്റി കാർഡ്, അംഗം അവസാനമായി ജോലി ചെയ്ത സ്ഥലത്തെ ലോക്കൽ കമ്മിറ്റി ചെയർമാനെയോ ലോക്കൽ കമ്മിറ്റി ഇല്ലാത്തിടങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കമ്മിറ്റി ചെയർമാനെയോ തിരിച്ചേൽപ്പിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിക പ്രകാരമുള്ള അപേക്ഷയുടെ രണ്ട് പകർപ്പ് സമർപ്പിക്കേണ്ടതും, അപേക്ഷയോടൊപ്പം 26എ ചട്ടപ്രകാരമുള്ള ഐഡന്റിറ്റി കാർഡ് (അസ്സൽ), അംശദായമടച്ചത് സംബന്ധിച്ച പാസ്സ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സേവന കാലയളവ് കാണിക്കുന്ന രേഖകൾ, ബോർഡ് നിർദ്ദേശിക്കുന്ന മറ്റു രേഖകൾ ഇവ അടക്കം ചെയ്തിരിക്കേണ്ടതുമാണ്:

എന്നാൽ, അംശദായത്തെ സംബന്ധിച്ച് ബോർഡിന്റെയോ, ലോക്കൽ കമ്മിറ്റിയുടെയോ, ജില്ലാ കമ്മിറ്റിയുടെയോ ഓഫീസിൽ തെളിവുകൾ ലഭ്യമാണെങ്കിൽ, ആയത് സ്വീകരിക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിക പ്രകാരമുള്ള അപേക്ഷ, മതിയായ കാരണംമൂലമാണ് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരുന്നതെന്ന് അപേക്ഷ സ്വീകരിക്കുന്ന ഓഫീസർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, നിശ്ചിത സമയപരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്:

എന്നാൽ, അർഹത നേടി ഒരു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.

(5) അർഹതനേടി ഒരു വർഷത്തിനുശേഷമുള്ള അപേക്ഷ, കാലതാമസം മാപ്പാക്കുവാനുള്ള സത്യവാങ്മൂലം സഹിതം സമർപ്പിച്ചാൽ, ബോർഡിന്, തക്കതായ കാരണത്താലാണ് കാലതാമസം വന്നതെന്ന് ബോദ്ധ്യപ്പെട്ടാൽ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഓഫീസർക്ക് ഉത്തരവ് നൽകാവുന്നതാണ്.

(6) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, ലോക്കൽ കമ്മിറ്റി ചെയർമാനോ, ജില്ലാ കമ്മിറ്റി ചെയർമാനോ, ബോർഡ് അധികാരപ്പെടുത്തിയ ഓഫീസറോ, അപേക്ഷയിൻമേൽ ഉചിതമായ അന്വേഷണം നടത്തി, റിപ്പോർട്ട് സഹിതം അപേക്ഷയുടെ ഒരു പകർപ്പും അനുബന്ധങ്ങളും ചീഫ് എക്സിക്യൂട്ടീവിനോ, അദ്ദേഹം ഇക്കാര്യത്തിൽ അധികാരപ്പെടുത്തിയ ഓഫീസർക്കോ, 30 ദിവസത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്.

(7) ചീഫ് എക്സിക്യൂട്ടീവോ, അദ്ദേഹം ഇക്കാര്യത്തിൽ അധികാരപ്പെടുത്തിയ ഓഫീസറോ, (6)-ാം ഉപവകുപ്പികപ്രകാരം ലഭിച്ച അപേക്ഷയും അനുബന്ധങ്ങളും റിപ്പോർട്ടും പരിശോധിച്ചും ആവശ്യമായ അന്വേഷണം നടത്തിയും, അപേക്ഷ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് അപേക്ഷകനും, ലോക്കൽ കമ്മിറ്റി ചെയർമാൻ/ജില്ലാ കമ്മിറ്റി ചെയർമാൻ/അധികാരപ്പെടുത്തിയ ഓഫീസർ ഇവരിലാരാണോ അപേക്ഷ ശുപാർശ ചെയ്തത് അവർക്കും അയച്ചിരിക്കേണ്ടതാണ്:

എന്നാൽ, അപേക്ഷ നിരസിക്കുന്നപക്ഷം, നിരസിക്കുന്ന കാരണത്തിൻമേൽ വിശദീകരണമോ തെളിവോ നല്കുന്നതിന് അപേക്ഷകന് ഒരവസരം നല്കാതെയും, അങ്ങനെ നല്കുന്ന വിശദീകരണമോ തെളിവോ പരിഗണിക്കാതെയും അന്തിമ തീരുമാനമെടുക്കാൻ പാടുള്ളതല്ല.

(8) (7)-ാം ഉപഖണ്ഡിക പ്രകാരമുള്ള തീരുമാനത്തിനെതിരെ ആക്ഷേപമുള്ളപക്ഷം അപേക്ഷകന്, പദ്ധതിയിലെ 16-ാം ഖണ്ഡിക പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(9) പെൻഷൻ തുക വിതരണം ചെയ്യുന്നതിന്റെ രീതി അതത് കാലത്ത് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(10) 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്ന് വിരമിച്ച് പെൻഷനുള്ള അപേക്ഷ സമർപ്പിച്ചതിനുശേഷമോ, അതിനുമുമ്പോ, പെൻഷൻ അനുവദിച്ചതിനു ശേഷമോ, ഒരംഗം മരണമടയുന്നപക്ഷം മരണമടയുന്ന മാസം വരെയുള്ള പെൻഷൻ കുടിശ്ശികത്തുക അംഗത്തിന്റെ ഭാര്യക്ക്/ഭർത്താവിന്, അഥവാ അവരുടെ അഭാവത്തിൽ അനന്തരാവകാശികൾക്ക്, അപേക്ഷയുടെ അടിസ്ഥാനത്തിൽ നല്കാവുന്നതാണ്.

(11) അംഗം മരണമടയുന്നതിനുമുമ്പ് കൈപ്പറ്റിയ സൂപ്പറാന്വേഷൻ പെൻഷൻ തുക രണ്ട് വർഷത്തെ പെൻഷൻ തുകയേക്കാൾ കുറവാണെങ്കിൽ, മരണമടഞ്ഞ അംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയിൽ നിന്ന് കൈപ്പറ്റിയ തുക കുറവ് ചെയ്ത് ബാക്കി തുക അംഗത്തിന്റെ ഭാര്യക്ക്/ഭർത്താവിന്, അഥവാ അവരുടെ അഭാവത്തിൽ അനന്തരാവകാശികൾക്ക്, അപേക്ഷയുടെ അടിസ്ഥാനത്തിൽ നല്കേണ്ടതാണ്.

(12) (10)-ാം ഉപഖണ്ഡികയും (11)-ാം ഉപഖണ്ഡികയും പ്രകാരമുള്ള പെൻഷൻ കുടിശ്ശികയ്ക്ക് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, അംഗത്തിന്റെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബന്ധം തെളിയിക്കുന്നതിന്/ അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നല്കിയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം പെൻഷൻ വിതരണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും പെൻഷൻ വിതരണ ഉദ്യോഗസ്ഥൻ, ആവശ്യമായ അന്വേഷണം നടത്തി അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ്".

(4) പദ്ധതിയിൽ നിലവിലുള്ള ഫോറം 7-ന് ശേഷം താഴെ പറയുന്ന ഫോറം, ചേർക്കേണ്ടതാണ്.

"ഫോറം 8

# കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി

## സൂപ്പറാന്വേഷൻ പെൻഷനുള്ള അപേക്ഷ

[ഖണ്ഡിക 15 സി (1) കാണുക]

ഫോട്ടോ

പതിക്കുക

1. അപേക്ഷകന്റെ പേര് :

2. 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26എ പ്രകാരമുള്ള

   രജിസ്റ്റർ നമ്പർ :

   രജിസ്റ്റർ ചെയ്ത തീയതി :

   രജിസ്റ്റർ ചെയ്ത എ. എൽ. ഒ. :

3. 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി പ്രകാരമുള്ള :

   രജിസ്റ്റർ നമ്പർ :

   രജിസ്റ്റർ ചെയ്ത തീയതി :

   ജോലി ചെയ്യുന്ന സ്ഥലം :

4. അപേക്ഷകന്റെ സ്ഥിരം മേൽവിലാസം

   വീട്ടു പേര് :
   വീട്ടു നമ്പർ :
   തെരുവ്/പ്രദേശത്തിന്റെ പേര് :
   പോസ്റ്റ് ഓഫീസ് :
   വില്ലേജ് :
   താലൂക്ക് :
   ജില്ല :
   പിൻകോഡ് :

5. അപേക്ഷകനെ തിരിച്ചറിയാനുള്ള ശാരീരിക അടയാളങ്ങൾ

(1)

(2)

6. ജനനത്തീയതിയും പൂർത്തിയായ വയസ്സും :

7. അച്ഛന്റെ പേര് :

8. വിവാഹിത(ൻ) ആണോ; :
എങ്കിൽ ഭാര്യ/ഭർത്താവിന്റെ പേര്
മക്കളുടെ വിവരങ്ങൾ :

| പേര് | വയസ്സ് | ജോലി | വിവാഹം കഴിഞ്ഞതാണോ |
|---|---|---|---|

9. ജോലിയിൽ നിന്നും വിരമിച്ച തീയതി :

10. വിരമിക്കുന്നതിനുള്ള കാരണം :

11. അവസാനം ജോലി ചെയ്ത സ്ഥലം :

12. പദ്ധതിയിൽ അംഗമായശേഷം ജോലി ചെയ്ത മൊത്തം കാലയളവ് :

13. പദ്ധതിയിൽ അംഗമാകുന്നതിന് മുമ്പ് ജോലി ചെയ്ത കാലയളവ് (ഇത് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ/ പഞ്ചായത്ത് സെക്രട്ടറി/ഗസറ്റഡ് ഓഫീസർ/ അസിസ്റ്റന്റ് ലേബർ ഓഫീസർ നല്കിയ സാക്ഷ്യപത്രം ഹാജരാക്കണം) :

14. ആദ്യം അംശദായം അടച്ച തീയതിയും കാലയളവും നിരക്കും ബാങ്കിന്റെ/ ഓഫീസിന്റെ പേരും :

15. അവസാനം അംശദായം അടച്ച തീയതിയും കാലയളവും നിരക്കും ബാങ്കിന്റെ/ ഓഫീസിന്റെ പേരും :

16. എപ്പോഴെങ്കിലും അംഗത്വം റദ്ദായിട്ടുണ്ടെങ്കിൽ റദ്ദായ അംഗത്വം പുനഃസ്ഥാപിച്ചിട്ടുണ്ടോ; വിശദവിവരം നൽകുക :

17. അവശതാ പെൻഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം :

18. അവശതയ്ക്കുള്ള ഗ്രാന്റ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം :

## സത്യപ്രസ്താവന

അപേക്ഷയിൽ കാണിച്ചിട്ടുള്ള മുഴുവൻ വിവരങ്ങളും എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യവും ഉത്തമവിശ്വാസത്തോടുകൂടിയതുമാണ്.

സ്ഥലം :  *അപേക്ഷകന്റെ ഒപ്പ്*
തീയതി :  പേര്

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ ചുമട്ടുതൊഴിലാളികൾക്ക് സൂപ്പറാന്വേഷൻ പെൻഷൻ ഏർപ്പെടുത്തുന്നതിനായി പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു. പ്രസ്തുത ഭേദഗതി സംബന്ധിച്ച് 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, 2008 മേയ് 17-ാം തീയതിയിലെ 22097/എച്ച്3/2007/തൊഴിൽ നമ്പരിലുള്ള വിജ്ഞാപനമായി 2008 മേയ് 21-ാം തീയതിയിലെ 1007-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കരട് പദ്ധതിയിൻമേൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ യാതൊരു ആക്ഷേപമോ നിർദ്ദേശമോ ലഭിച്ചിട്ടില്ലാത്തതിനാൽ, കരട് പദ്ധതിയിലെ വ്യവസ്ഥകൾ അന്തിമ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

---